# നഗരകാര്യ വകുപ്പ്

## സർക്കുലർ

ഇ6-4056/2018 തീയതി 07/03/2018

വിഷയം:- നഗരകാര്യ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - പൊതുസ്ഥലംമാറ്റം 2018-19 - അധിക നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- 1 25/02/2017 ലെ സ ഉ (പി) 03/2017/ഉ പഭ വ നം. സർക്കാർ ഉത്തരവ്.
2 ഈ ഓഫീസിലെ 22/02/2018 ലെ ഇ6-4056/18 നം. സർക്കുലർ

കേരളാ മുനിസിപ്പൽ കോമൺ സർവ്വീസിലെ വിവിധ തസ്തികകളിലെ ജീവനക്കാരുടെ 2018-19 ലെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ഓൺ ലൈനായി ക്ഷണിച്ചുകൊണ്ട് സൂചന (2) പ്രകാരം അപേക്ഷ ക്ഷണിച്ചിട്ടുള്ളതാണ്. സൂചന സർക്കുലറിന്റെ തുടർച്ചയായി താഴെ പറയുന്ന അധിക നിർദ്ദേശങ്ങൾ കൂടി നൽകുന്നു.

1. കോർപ്പറേഷനുകളിൽ വിവിധ തസ്തികകളിലെ ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് കൈകാര്യം ചെയ്യുന്ന സെക്ഷൻ ക്ലാർക്കുമാർ നഗരസഭയ്ക്കനുവദിച്ചിട്ടുള്ള verifier - I ന്റെ User Name ഉം Password ഉം, ബന്ധപ്പെട്ട സൂപ്രണ്ടുമാർ verifier - II ന്റെ User Name ഉം Password ഉം തന്നെ ഉപയോഗിച്ച് ഓൺലൈൻ അപേക്ഷ process ചെയ്യേണ്ടതാണ്. verifier - I നും verifier - II നും ഓൺലൈൻ അപേക്ഷകൾ എഡിറ്റ് ചെയ്യുവാൻ സാധിക്കുന്നതല്ലാത്തതുമാണ്.
2. ഓൺലൈൻ അപേക്ഷയിൽ നിലവിൽ സ്ഥലംമാറ്റത്തിന് മുൻഗണനയ്ക്കുള്ള അർഹത തിട്ടപ്പെടുത്തുന്നതിന് 27 വിഭാഗങ്ങളെ നിശ്ചയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മുൻഗണന ലഭിക്കേണ്ട ജീവനക്കാർ ബന്ധപ്പെട്ട ഓപ്ഷൻ/ഫീൽഡ് സെലക്ട് ചെയ്ത് അപേക്ഷ സമർപ്പിച്ചാൽ മാത്രമെ ആയത് പ്രകരമുള്ള ഇളവുകൾക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂ. ഓപ്ഷൻ/ഫീൽഡ് സെലക്ട് ചെയ്തതിനുശേഷം മാത്രമാണ് ആയതിന് ഉപോൽബലകമായ രേഖകൾ/ വിശദീകരണങ്ങൾ സമർപ്പിക്കേണ്ടത്.
3. പ്രവാസി കേരളീയരുടെ ഭാര്യ/ഭർത്താവ് എന്നതിന്റെ അടിസ്ഥാനത്തിലുള്ള മുൻഗണന ലഭിക്കേണ്ട ജീവനക്കാർ ആയതിലേക്ക് നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം ഓൺലൈൻ അപേക്ഷയിൽ അപ് ലോഡ് ചെയ്യേണ്ടതാണ്.
4. ഒന്നാം സൂചിത സർക്കാർ ഉത്തരവിലെ ഖണ്ഡിക 10 (XII) പ്രകാരം ഭാര്യയ്ക്കും ഭർത്താവിനും ഓരേ സ്റ്റേഷനിൽ തന്നെ ജോലി ചെയ്യുന്നതിന് സുഗമമാക്കുന്ന സ്ഥലംമാറ്റം കഴിയുന്നിടത്തോളം അനുവദിക്കുന്നതാണ് എന്ന് നിശ്ചയിച്ചിട്ടുള്ളതിനാൽ ഓൺലൈൻ അപേക്ഷയിൽ 28-ാമത്തെ വിഭാഗമായി ആയതു കൂടി ഉൾപ്പെടുത്തുന്നു. ആയതിന്റെ അടിസ്ഥാനത്തിലുള്ള ഇളവുകൾക്ക് അർഹതയുള്ള ജീവനക്കാർ ഭാര്യ/ഭർത്താവ് സർക്കാർ ഉദ്യോഗസ്ഥ /ഉദ്യോഗസ്ഥൻ ആണെന്ന് തെളിയിക്കുന്ന രേഖ (ഓഫീസ് തിരിച്ചറിയൽ രേഖ) അപ് ലോഡ് ചെയ്യേണ്ടതാണ്.
5. ജീവനക്കാർ ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 09/03/2018 വരെ ദീർഘിപ്പിച്ചിരിക്കുന്നു.

(ഒപ്പ്)
ഹരിത വി കുമാർ ഐ എ എസ്
നഗരകാര്യ ഡയറക്ടർ

എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും
പകർപ്പ് - ഇ6, സൂപ്രണ്ട്, കരുതൽ ഫയൽ

എസ് 07/03/18